LIBRARY ARCHIVES Kerala Legislative Assembly

**സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പ്**

202 (1739) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയനുകളുടെയും സർക്കിൾ സഹകരണ യൂണിയനുകളുടെയും തെരഞ്ഞെടുപ്പ് കഴിഞ്ഞ സർക്കാർ തടസ്സപ്പെടുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി കടലാസ് സഹകരണ സംഘങ്ങൾ രൂപീകരിച്ച് സർക്കിൾ സഹകരണ യൂണിയനുകളിൽ അഫിലിയേഷൻ നടത്തിയത് പുനഃപരിശോധിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച യൂണിയനുകളുടെ തെരഞ്ഞെടുപ്പ് എത്ര സമയത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമവിരുദ്ധമായി സംഘങ്ങൾ രൂപീകരിച്ച് അഫിലിയേഷൻ നേടിയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ചുള്ള ചട്ടഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. ഭേദഗതി പൂർത്തിയാകുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടപടികൾ സാധ്യമാക്കുന്നതാണ്.

**നിക്ഷേപ സമാഹരണ യജ്ഞം**

203 (1740) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിക്ഷേപ സമാഹരണ യജ്ഞം വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചതെന്ന് വിശദമാക്കാമോ?